**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **29-09-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാല അദ്ധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ 01.01.1995-ന് ശേഷം വിവിധ പഠന വകുപ്പകളിലേക്ക് നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സർവകലാശാലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ ഓരോ പഠനവകുപ്പിലെയും അദ്ധ്യാപക തസ്തികകളുടെ വിശദാംശം പ്രസ്തുത സംവരണ ഒഴിവുകളിൽ നിയമനം ലഭിച്ച  ഉദ്യോഗാർത്ഥികളുടെ പേര്, തസ്തിക, പഠനവകുപ്പ്, ജോലിയിൽ പ്രവേശിച്ച തീയതി, വിരമിച്ചവരാണെങ്കിൽ വിരമിച്ച തീയതി എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | 01.01.1995 മുതൽ നാളിതുവരെ സർവകലാശാലകളിലെ അദ്ധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് എത്ര സംവരണ ബാക്ക് ലോഗ് ഒഴിവുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കേരള സർവകലാശാല

26/2014 ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അദ്ധ്യാപക നിയമനങ്ങളിൽ ഡിപ്പാർട്ട്മെന്റിനെ ഒരു യൂണിറ്റ് ആയി കണക്കാക്കിയുള്ള സംവരണരീതിയായിരുന്നു പിന്തുടർന്നിരുന്നത്. അത് പ്രകാരം ആദ്യ 100 പോയിന്റിലെ 15 മുതൽ 20 വരെയുള്ള Position വരെ മാത്രമേ പല ഡിപ്പാർട്ട്മെന്റുകളിലും നിയമനം എത്തിയിട്ടുണ്ടായിരുന്നുള്ളു. ഡിപ്പാർട്ട്മെന്റുകളിലെ തസ്തികകൾ കുറവായതു കാരണമാണ് ഇപ്രകാരം സംഭവിക്കുന്നത്. PWD Act പ്രകാരമുള്ള സംവരണം 33,66,99 എന്ന Turns നാണു ആ കാലയളവിൽ അനുവദിച്ചിരുന്നത്. ഈ Position ഒരു ഡിപ്പാർട്ട്മെൻറിലും എത്താത്തതിനാൽ ബാക് ലോഗ് ഉണ്ടായിരുന്നില്ല.

26/2014 ആക്ട് പ്രകാരമുള്ള സംവരണ വ്യവസ്ഥയിൽ യൂണിവേഴ്സിറ്റിയെ കണക്കാക്കുമ്പോൾ 100 പോയിന്റ് റിസർവേഷൻ പുതുതായി ആരംഭിക്കേണ്ടിവന്നു. ഈ അവസരത്തിൽ നിലവിലുണ്ടായിരുന്ന നിയമ പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്ക് 1,34,67 എന്നീ Position 'out of turn' ആയി നല്കണമെന്നതിനനുസരിച്ച് താഴെ പറയും പ്രകാരം ഒഴിവുകൾ വിജ്ഞാപനം ചെയ്തിരുന്നു.

| POST | DEPARTMENT | RESERVATION TURN |
|---|---|---|
| Assistant Professor | Library and Information Science | Out of turn-Hearing Impaired |
| | SDE Political Science | Out of turn-Blindness/low vision |
| Associate Professor | Tamil | Out of turn-Blindness/low vision |
| | History | Out of turn – Hearing Impaired |
| Professor | Tamil | Out of turn-Blindness/low vision |

മേൽ സംവരണ ഒഴിവുകൾ പ്രകാരം ശ്രീ.റിനോജ്, എൻ.കെ.യെ SDE പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി 16/03/2020 നു നിയമിച്ചിട്ടുണ്ട്.

26/2014 ആക്ട് നിലവിൽ വന്നതിനു ശേഷം ഭിന്നശേഷി വിഭാഗക്കാർക്ക് സൃഷ്ടിക്കപ്പെട്ട ബാക് ലോഗ് ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### Backlog of reserved posts

**Assistant Professor**

| Sl.No. | Name of Department | Reservation Turn |
|---|---|---|
| 1 | Department of Library & Information Science | Out of turn-Hearing Impaired |

**Associate Professor**

| Sl.No. | Name of Department | Reservation Turn |
|---|---|---|

| | | |
|---|---|---|
| 1 | Department of Tamil | Out of turn – Blindness/Low vision |
| 2 | Department of History | Out of turn – Hearing Impaired |

**Professor**

| Sl.No. | Name of Department | Reservation Turn |
|---|---|---|
| 1 | Department of Tamil | Out of turn – Blindness/ Low vision |

ടി ഒഴിവുകൾ 01.08.2022 ൽ പുനർ വിജ്ഞാപനം ചെയ്തുവെങ്കിലും 15.03.2024 ലെ സിന്റിക്കേറ്റ് (ഐറ്റം നമ്പർ 09.04) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഒഴിവുകൾ 11.04.2023 തിയ്യതിയിലെ ഗവണ്മെന്റ് ഉത്തരവ് നമ്പർ 4/2023/HEDN പ്രകാരമുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നടത്തിയതിനു ശേഷം പുനർവിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

## എം.ജി. സർവകലാശാല

| Sl No | Department | Date of Occurrence of Vacancy | Turn | Appointee person | Post | Date of Joining | Remarks |
|---|---|---|---|---|---|---|---|
| 1 | School of Pure & Applied Physics | 31.08.2008 | PH-LowVision | Dr.Biju P.R. | Lecturer | 22.01.2010 | Relieved on 3.7.2018 |
| 2 | School of Biosciences | 1.4.2023 | PH – Blind | Dr.Smitha V.B. | Professor | 28.03.2025 | -- |
| 3 | School of Letters | 1.4.2014 | PH- Blind/ Low Vision | Dr.Rohith P. | Associate Professor | 17.6.2022 | -- |
| 4 | School of Pedagogical Sciences | 1.6.2022 | PH- HI (Backlog) | --- | Associate Professor | -- | Notification No. 150824/Ad A2-1/2022/Ad A2(2) dated 3.10.2023. No application |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | received |
| 5 | School of Indian Legal Thought | 1.4.2016 | PH-Cerebral Palsy(Backlog) | -- | Assistant Professor | -- | | Notification No. 150824/Ad A2-1/2022/Ad A2(3) dated 3.10.2023. Appointment process under consideration |
| 6 | School of Chemical Sciences | 29.1.2021 | PH - HI(Backlog) | -- | Assistant Professor | -- | | Notification No. 150824/Ad A2-1/2022/Ad A2(3) dated 3.10.2023. No application received |
| 7 | School of Letters | 1.4.2021 | PH - O(Backlog) | -- | Assistant Professor | -- | | Notification No. 150824/Ad A2-1/2022/Ad A2(3) dated 3.10.2023. Appointment process under consideration |
| 8 | School of Pedagogical Sciences | 27.03.2025 | PH- Blind | -- | Assistant Professor | -- | | Not Notified |

## കാലിക്കറ്റ് സർവകലാശാല

01.01.1995 ന് ശേഷം വിവിധ പഠനവകുപ്പുകളിലേയ്ക്ക് നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ നിയമിതരായ ഭിന്നശേഷി വിഭാഗക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Name | Designation | Department | Date of joining |
|---|---|---|---|
| Vineeth R | Assistant Professor | History | 24.03.2012 |
| Renjith Rajan | Assistant Professor | Sanskrit | 03.02.2021 |
| Shejina B | Assistant Professor | Economics | 15.06.2024 |

| | | | |
|---|---|---|---|
| Sadhique Ali K T | Assistant Professor | History | 15.07.2024 |

നിലവിൽ കാലിക്കറ്റ് സർവകലാശാലയിൽ ബാക്ക് ലോഗ് വേക്കൻസികൾ ഇല്ല.

## കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാലയിൽ 01.01.1995-ന് ശേഷം ഒരു അസിസ്റ്റന്റ് പ്രൊഫസർക്ക് നിയമനം നൽകുകയും, ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കും, മൂന്ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും വിജ്ഞാപനം നടത്തുകയും ചെയ്തിട്ടുണ്ട്.

സംവരണ ഒഴിവുകളിൽ നടന്ന നിയമനത്തിന്റെ വിവരങ്ങൾ

പ്രസന്നകുമാരി ഇ.എസ്., അസിസ്റ്റന്റ് പ്രൊഫസർ, നിയമപഠന വകുപ്പ്,

ജോലിയിൽ പ്രവേശിച്ച തീയതി - 08.08.2016

ഇതിനു പുറമേ മാനേജ്മെന്റ് സ്റ്റഡീസിൽ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കും സ്റ്റാറ്റിസ്റ്റിക്കൽ സയൻസ്, ബിഹേവിയറൽ സയൻസ്, ഇക്കണോമിക്സ് എന്നീ പഠനവകുപ്പുകളിൽ ഓരോ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കും ഭിന്നശേഷി വിഭാഗം നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയിൽ ഭിന്നശേഷി വിഭാഗത്തിന് ബാക്ക് ലോഗ് ഒഴിവുകൾ ഇല്ല.

## കസാറ്റ്

ബഹു. സുപ്രീംകോടതിയുടെ 26.03.2014 ലെ WP(C) No.116/1998 ലെ വിധിന്യായം 1995 ലെ PWD നിയമം 2014 ഡിസംബർ 31ന് നടപ്പിലാക്കണം എന്നായിരുന്നു. അദ്ധ്യാപക തസ്തികകളുടെ നിയമനത്തിൽ ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് 3% സംവരണം സർവ്വകലാശാല നടപ്പാക്കിയിരുന്നു.

ഭിന്നശേഷി സംവരണ തസ്തികകളിലേക്കുള്ള നിയമന വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| Sl. No | Name of Post | Department | PWD Category | No. of Post | Name of Incumbent | Date of Joining |
|---|---|---|---|---|---|---|
| 1 | Professor | Physics | Locomotor Disability or Cerebral Palsy | 1 | - | |
| 2 | Professor | Applied Economics | Blind or Low Vision | 1 | - | |
| 3 | Associate Professor | Marine Geology & | Locomotor Disability or | 1 | - | |

| | | | | | | |
|---|---|---|---|---|---|---|
| | | Geophysics | Cerebral Palsy | | | |
| 4 | Associate Professor | Physical Oceanography | Blind or Low Vision | 1 | – | |
| 5 | Assistant Professor | CUCEK | Hearing Impaired | 1 | – | |
| 6 | Assistant Professor | Management Studies | Blind or Low Vision | 1 | Sri.Lithin Thomas | 18.01.2021 |
| 7 | Assistant Professor | Ship Technology | Hearing Impaired | 1 | – | |

## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

സർക്കാർ ഉത്തരവനുസരിച്ച് സർവകലാശാലയിലെ അദ്ധ്യാപക തസ്തികയിൽ സംവരണത്തിൽ 3% അംഗപരിമിതർക്കായി നീക്കിവയ്ക്കുകയും അതിൻപ്രകാരം, 100 പോയിന്റുള്ള സംവരണക്രമത്തിലെ 33,66,99 എന്നീ ക്രമനമ്പറുകൾ ടി വിഭാഗത്തിനായി നിജപ്പെടുത്തുകയും പിന്നീട്, 06.05.2017-ലെ സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സംവരണക്രമം 33,66,99 എന്നീ ഔട്ട് ഓഫ് ടേണുകൾക്കു പകരമായി 1,34,67 എന്നീ ഔട്ട് ഓഫ് ടേണുകൾ ആയി നിശ്ചയിച്ചുകൊണ്ടും സർവകലാശാലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

കാഴ്ചവൈകല്യമുള്ളവർക്കുള്ള ഔട്ട് ഓഫ് ടേൺ 33-ൽ ലെക്ചറർ ആയി 08.12.2010 പ്രാബല്യത്തിൽ ശ്രീ. അരവിന്ദാക്ഷൻ കെ-യെ സർവകലാശാലയുടെ സംഗീതം വിഭാഗത്തിൽ നിയമിക്കുകയും, പിന്നീട് ഔട്ട് ഓഫ് ടേണുകളുടെ ഭേദഗതിപ്രകാരം ക്രമ നമ്പർ 1 (ഔട്ട് ഓഫ് ടേൺ)-ൽ പുനഃക്രമീകരിക്കുകയും ചെയ്തു.

സർവകലാശാലകളിലെ അദ്ധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗക്കാരുടെ സംവരണ ബാക്ക് ലോഗ് ഒഴിവുകൾ ഇല്ല.

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ കരാർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. വിവിധ പഠന സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കി ഭിന്നശേഷി വിഭാഗങ്ങൾക്ക് അർഹമായ ഊഴം നികത്തിയാണ് നിയമനം നൽകി വരുന്നത്. സർവ്വകലാശാലയിൽ നിലവിൽ കോമേഴ്സ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ശ്രീ. മഹേശൻ. കെ. പി 02/04/2022 തീയതിയിൽ ഭിന്നശേഷി ഊഴത്തിൽ ജോലിയിൽ പ്രവേശിച്ചു.

സർവകലാശാലയിൽ നിലവിൽ ഭിന്നശേഷി വിഭാഗത്തിന് ബാക്ക് ലോഗ് ഒഴിവുകൾ ഇല്ല. 02/04/2022 മുതൽ ആരംഭിച്ച നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിന് അർഹമായ ഊഴങ്ങൾ നികത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ